# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.213 18.06.2018 ൽ മറുപടിക്ക്**

### പുതിയ കാലത്തിനനുസൃതമായ നിർമ്മാണം

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ
ശ്രീ. എസ്.ശർമ്മ
ശ്രീ. പി.വി. അൻവർ
ശ്രീ. ബി.ഡി. ദേവസ്സി

എ) പുതിയകാലം പുതിയ നിർമ്മാണം എന്ന ആപ്ത വാക്യത്തിന്റെ അടിസ്ഥാനത്തിൽ ആയുസ്സ്, ഈട്, സൗന്ദര്യം ഇവ ഉറപ്പാക്കിക്കൊണ്ടുള്ള നിർമ്മാണ രീതി പ്രാവർത്തികമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ശാക്തീകരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

**ഉത്തരം**

ശ്രീ. ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) പുതിയകാലം പുതിയ നിർമ്മാണം എന്ന ആപ്ത വാക്യത്തിന്റെ അടിസ്ഥാനത്തിൽ ആയുസ്സ്, ഈട്, സൗന്ദര്യം ഇവ ഉറപ്പാക്കിക്കൊണ്ടുള്ള നിർമ്മാണ രീതികളാണ് വകുപ്പിന്റെ പ്രവൃത്തികളിൽ നടപ്പാക്കി വരുന്നത്. കാലത്തിനനുസരിച്ചുള്ള ആധുനിക സാങ്കേതിക വിദ്യകൾ, നൂതന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണരീതികൾ എന്നിവ അവലംബിച്ച് ഈടുറ്റ റോഡുകൾ നിർമ്മിച്ച് വരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിൽ നൂതന നിർമ്മാണ സാമഗ്രികളായ NRMB, Plastic, കയർ മുതലായവയും ആധുനിക സാങ്കേതിക വിദ്യകളായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് രീതി, മണ്ണ് സ്റ്റെബിലൈസേഷൻ ടെക്നോളജി എന്നിവ നടപ്പാക്കുന്നതിനായി G.O(Rt).527/2018 പി.ഡബ്ല്യൂ.ഡി, തീയതി 26/03/2018 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണ മേന്മ, അഴിമതി രഹിതം, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം, വിജിലൻസ് വിഭാഗം, എന്നിവ ശക്തിപ്പെടുത്തി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കി. റോഡുകളുടെയും പാലങ്ങളുടെയും പരിപാലനത്തിനായി ചീഫ് എഞ്ചിനീയർമാരെ നിയമിച്ചു. വകുപ്പിന്റെ പ്രവൃത്തികൾ കൂടുതൽ സമയ-ബന്ധിതമാക്കുവാൻ രൂപ കൽപ്പന വിഭാഗം, വിപുലപ്പെടുത്തി. പരാതി പരിഹാരസെൽ കൂടുതൽ ജനകീയമാക്കി ശക്തിപ്പെടുത്തി. സുരക്ഷയുടെ ഭാഗമായി പാലങ്ങളുടെ പരിശോധന കർശനമാക്കി. പുനർ നിർമ്മിക്കേണ്ടതും, അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമായ പാലങ്ങൾ കണ്ടെത്തി

പരിഹാര നടപടികൾ സ്വീകരിച്ച് വരുന്നു. പാലങ്ങളുടെയും, കലിംഗുകളുടെയും, പുനർ നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒരു പുതിയ ശീർഷകം ആരംഭിച്ചു. കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രമുഖ പദ്ധതികളായ മലയോര ഹൈവേ, തീരദേശ ഹൈവേ, മറ്റു നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പുനർവിന്യാസത്തിലൂടെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചുകൊണ്ട് കിഫ്ബിയുടെ SPV ആയ KRFB യുടെ ഭാഗമായി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചു.

ബി) അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷത്തിൽപരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി വകുപ്പിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും പി.എസ്.സി യ്ക്ക് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകി ഒഴിവുകൾ യഥാസമയം നികത്താറുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റനൻസ്), ചീഫ് എഞ്ചിനീയർ (പാലങ്ങൾ) എന്നീ പുതിയ രണ്ട് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സി) പുനർ നിർമ്മാണം ആവശ്യമെന്ന് കണ്ടെത്തിയ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

സി) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പുനർ നിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 31 പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി/ബഡ്ജറ്റ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഇൻവെസ്റ്റിഗേഷൻ/ഡിസൈൻ എന്നിവ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനും ഭരണാനുമതിയ്ക്കുമായി നടപടികൾ സ്വീകരിച്ച് വരുന്നു. വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഇതിന്റെ പുരോഗതികൾ വിലയിരുത്തുന്നുണ്ട്.

M/s TPF Engineering Pvt.Ltd ന്റെ ആദ്യഘട്ട സർവ്വേയുടെ കണക്ക് പ്രകാരം അറ്റകുറ്റപ്പണി, ബലപ്പെടുത്തൽ, പുതുക്കിപ്പണിയൽ എന്നിവ ആവശ്യമായ 14 പാലങ്ങളിൽ 11 പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിലാണ്. ഇവയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഡി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താനായി ഏർപ്പെടുത്തിയിട്ടുള്ള സോഷ്യൽ ഓഡിറ്റ് സംവിധാനത്തിന്റെ വിശദാംശം നൽകുമോ?

ഡി) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 1/2018/പി.ഡബ്ല്യൂ.ഡി, തീയതി 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ

സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ടി ഉത്തരവിൽ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള സോഷ്യൽ ഓഡിറ്റിംഗ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ഓഡിറ്റിംഗ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചിട്ടുണ്ട്.

കൂടാതെ ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്താനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കാതെ തന്നെ ചെയർമാന്റെ അനുവാദത്തോടുകൂടി പ്രവൃത്തികൾ പരിശോധിക്കുന്നതിനുള്ള അധികാരം മെമ്പർമാർക്ക് ഉണ്ടായിരിക്കുന്നതാണ്. പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതി പരാതിയിൽ സർക്കാറിന് താഴെ പറയുന്ന ശുപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുക

സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

ഡി) സി.റ്റി.ഇ അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

ഇ) ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

എഫ്) പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

സെക്ഷൻ ഓഫീസർ